**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4990** **11-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അച്ഛനും അമ്മയും മരണപ്പെട്ടതോ, ഉപേക്ഷിക്കപ്പെട്ടതോ ആയ കുട്ടികളുടെ സംരക്ഷണത്തിനായി എന്തെല്ലാം സഹായങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ? | (എ) | മാതാപിതാക്കൾ മരണപ്പെട്ട് അനാഥരാകുന്ന ഏതൊരു കുട്ടിയും ബാലനീതി നിയമപ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള ഗണത്തിൽപ്പെടുന്നു. പ്രസ്തുത കുട്ടികൾക്കായി സംയോജിത ശിശു സംരക്ഷണ പദ്ധതി പ്രകാരം സ്ഥാപന സംരക്ഷണം സ്ഥാപനേതര സംരക്ഷണം എന്നീ പുനരധിവാസ മാർഗ്ഗങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സ്ഥാപന സംരക്ഷണം - ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് സർക്കാരിനു കീഴിൽ 27 ശിശു സംരക്ഷണ സ്ഥാപനങ്ങളും ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത 678 സ്ഥാപനങ്ങളും നിലവിലുണ്ട്. ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾക്ക് സ്ഥാപന സംരക്ഷണം ആവശ്യമാണെന്ന് തോന്നുന്ന പക്ഷം ടി കുട്ടികളെ ചൈൽഡ് വെൽഫയർ കമ്മിറ്റിയ്ക്കു മുമ്പിൽ ഹാജരാക്കി കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസവും മറ്റു സൗകര്യങ്ങളും ഉറപ്പാക്കുന്നു. സ്ഥാപനേതര സംരക്ഷണം - 1. അഡോപ്ഷൻ: മാതാപിതാക്കൾ ഇല്ലാത്തതും ഉപേക്ഷിക്കപ്പെടുന്നതുമായ കുട്ടികൾക്ക് അനുയോജ്യരായതും കുട്ടികളെ പരിപാലിയ്ക്കാൻ പ്രാപ്തരായതുമായ മാതാപിതാക്കൾക്ക് ദത്ത് നൽകി കുട്ടിയ്ക്ക് സ്ഥായിയായ കുടുംബാന്തരീക്ഷം സൃഷ്ടിക്കുന്നു. 2. ഫോസ്റ്റർ കെയർ (പോറ്റിവളർത്തൽ): മാതാപിതാക്കൾക്കുള്ള അവകാശങ്ങളും ചുമതലകളും നഷ്ടപ്പെടാതെ തന്നെ കുട്ടികളെ മറ്റൊരു കുടുംബത്തിൽ താൽക്കാലികമായി വളർത്തുന്നതാണ് പോറ്റിവളർത്തൽ. കുടുംബത്തിൽ മതിയായ സംരക്ഷണം ലഭിക്കാത്തതും ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്നതുമായ കുട്ടികളെ ഗുണകരമായ കുടുംബാന്തരീക്ഷത്തിൽ |

| | | | |
|---|---|---|---|
| | | | പുനരധിവസിപ്പിയ്ക്കുക എന്നതാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ലക്ഷ്യം 3. സ്പോൺസർഷിപ്പ് - ബാലനീതി നിയമപ്രകാരം, 18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സ്ഥാപനേതര സംരക്ഷണം ഉറപ്പാക്കുന്നതിനും സാമ്പത്തിക പരാധീനത മൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് പഠനം ഉറപ്പാക്കുന്നതിനുമായി പ്രതിമാസം 2000 രൂപ ധനസഹായം നല്കുന്നതാണ് ഈ പദ്ധതി. സംസ്ഥാനത്ത് മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞ നിർധനരായ കുടുംബങ്ങളിലെ കുട്ടികളെ സ്വഭവനങ്ങളിൽ അല്ലെങ്കിൽ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശ്യത്തോടെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 'സ്നേഹപൂർവ്വം' പദ്ധതി നടപ്പിലാക്കി വരുന്നു. ഒന്നാം ക്ലാസ്സ് മുതൽ ഐ.ടി.ഐ/ പോളിടെക്നിക് കോഴ്സുകൾ ഉൾപ്പെടെ ഡിഗ്രി തലം വരെയുള്ള സർക്കാർ/എയ്ഡഡ് മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്കായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്കും 1-ാം ക്ലാസ്സ് മുതൽ 5-ാം ക്ലാസ്സുവരെ പഠിക്കുന്നവർക്കും പ്രതിമാസം - 300/- രൂപ വീതവും 6-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സുവരെ പഠിക്കുന്നവർക്ക് പ്രതിമാസം 500/- രൂപ വീതവും +1, +2, ITI / പോളിടെക്നിക്ക് ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 750/- രൂപ വീതവും ബിരുദം/ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 1000/- രൂപ വീതവും ധനസഹായം ഗഡുക്കളായോ ഒറ്റത്തവണയായോ ഒരു അദ്ധ്യയന വർഷം പരമാവധി 10 മാസത്തേയ്ക്ക് 'സ്നേഹപൂർവ്വം' പദ്ധതി പ്രകാരം അനുവദിച്ച് വരുന്നുണ്ട്. കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് സുരക്ഷിതമായ ജീവിതം ഒരുക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഇത്തരം കുട്ടികൾക്ക് 3 ലക്ഷം രൂപ ഒറ്റത്തവണയായി നൽകുന്നു. അതിനു പുറമേ 18 വയസ്സുവരെ പ്രതിമാസം 2000/- രൂപ വീതം നൽകുന്നതിനും ബിരുദതലം വരെയുള്ള വിദ്യാഭ്യാസച്ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ